


# ഋതം

**DIGITAL MAGAZINE**
**(2021-2024 LITTLE KITES BATCH)**

## FATHIMA HIGH SCHOOL MLAMALA

# ഉൾപേജുകളിലൂടെ...............................


1. ആമുഖം

2. മുഖമൊഴി

3.കുസൃതിചോദ്യം

4.ലേഖനം

5.കവിതകൾ

6.ശരിയേത്?

7. DRUG SONG

8.WHAT IS ALCOHOL?

9. "മലയാളം പഴഞ്ചൊല്ലുകൾ

10 ഖചറുകഥ-സ്വർഗ്ഗം

11.POSTER

12.പഴഞ്ചൊല്ല്

13. ചിത്രകഥ

14.കവിതകൾ

15.ഖ റുകവിതകൾ

16.QUOTES

17.കട്ടികളും കാർട്ടൂണുകളും

18. ഖചറുകഥ

19.ഖ റുകവിതകൾ

20.ഉപസംഹാരം

# ആമുഖം

സ്കൂൾ വിദ്യാഭ്യാസം ഹൈടെക്കായി മാറുമ്പോൾ
വിവരസാങ്കേതിക വിദ്യയുടെ  വിനിമയം
ഒഴിവാക്കാനാവില്ല.

കുട്ടികളിലെ മികച്ച വെബ് ഡിസൈനർമാരേയും,
അനിമേഷൻകാരേയും എന്നല്ല ഡിജിറ്റലായ എന്തിനേയും
ആരെയും കണ്ടെത്തി അവർക്ക് സാങ്കേതികവിദ്യയുടെ
ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള
വലിയൊരു മാർഗ്ഗമാണ് ലിറ്റിൽ കൈറ്റ്സ് വിഭാവനം
ചെയ്യുന്നത്.

കുട്ടികളിലെ കുഞ്ഞുകുഞ്ഞു കുറുമ്പുകളിൽ നിന്നും
ഉതിർന്നു വീഴുന്ന മനുല്ലിക്കയും മിഠായിയും മാമ്പഴവും
പുളിയും എന്നു വേണ്ട , സ്ലേറ്റും പെൻസിലും മഷിത്തണ്ടും
എല്ലാം പെറുക്കിയെടുത്ത്, ഓർമ്മകളിൽ നിന്നും മായ്ച്ച
കളയാതെ കാത്തു സൂക്ഷിക്കുന്നതിനായി കുട്ടികളുടെ
കൈയ്യൊപ്പ് പതിഞ്ഞ ഈ ഡിജിറ്റൽ മാഗസിൻ ഞങ്ങൾ
സമർപ്പിക്കുകയാണ്.

# മുഖമൊഴി

'അറിവ് ഈശ്വരനാണ്.അറിവു നേടുന്നവൻ
ഈശ്വരനെ നേടുന്നു.ഈ അറിവ് മറ്റുള്ളവർക്ക്
പകർന്നു കൊടുക്കുന്നവർ ഈശ്വരനെയാണ്
പകർന്നു കൊടുക്കുന്നത്.
'ഋതം'എന്നാൽ സത്യം. സത്യത്തിന്റെ
സാക്ഷാത്കാരമാണ് ഈശ്വരൻ.ആ
ഈശ്വരന്റെ കൃപയോടെ ഈ കൈയെഴുത്തു
മാസിക മുഴുമിപ്പിക്കാൻ കഴിഞ്ഞതിൽ
ഞാനങ്ങേയറ്റം കൃതാർഥയാണ്.ഈ
വഴികളിൽ എന്നെ സഹായിച്ച എല്ലാ
എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും
,വിദ്യാർത്ഥികൾക്കും,മാനേജ്മെന്റിനും
സർവ്വോപരി ദൈവത്തിനും
നന്ദിയർപ്പിച്ചുകൊണ്ട് വിനയത്തോടെ
സമർപ്പിക്കുന്നു.

**ചീഫ് എഡിറ്റർ**

## കുസൃതി ചോദ്യം


**തമിഴ് വാക്കും മലയാളം വാക്കും ചേർത്ത് പറയുന്ന ഒരു ഫ്രൂട്ട്**

🤔

## കുസൃതി ചോദ്യം

ധൈര്യം മുള്ളവർ പറയൂ

ഈ ചിത്രങ്ങൾക്കിടയിൽ ഒരു സ്ഥലപ്പേര് ഒളിച്ചിരിപ്പുണ്ട് എന്താണെന്ന് പറയാമൊ???? പെട്ടന്ന് പറയൂ



1. വളരും തോറും പേര് മാറുന്ന ഫലം ?

2. സ്ത്രീകളെ മാത്രം വിളിക്കാൻ ഉപയോഗിക്കുന്ന അക്ഷരം ?

3. കാലുകൾ ഇല്ലാത്ത ടേബിൾ ?

കുരുട്ട് ചോദ്യങ്ങൾ !



ഉത്തരം

- തണ്ണിമത്തൻ
- കാക്കനാട്
- തേങ്ങ
- D
- ടൈം ടേബിൾ

ലേഖനം

# കുഞ്ഞിക്കൈകളിലെ മയക്കുപൊതികൾ




മയക്കമരുന്ന് ഉപയോഗിക്കുന്നവർക്ക് അതിൽനിന്ന് മുക്തിനേടാൻ ഒരുപാട് ബുദ്ധിമുട്ടാണ്, കാരണം മനുഷ്യ ശരീരത്തിന്റെ പല അവയവങ്ങളെയും ആസ്വദിപ്പിച്ചും സുഗിപ്പിച്ചും ഇല്ലായ്മ ചെയ്യുക എന്നതാണ് മയക്കമരുന്നുകളുടെ ലക്ഷ്യം. മയക്കമരുന്ന് ഉപയോഗിക്കുന്ന ആൾക്ക് അത് തെറ്റാണ് എന്നൊരു ചിന്താഗതി ഉണ്ടാവുകയില്ല അവർ ചെയ്യുന്നതെല്ലാം ശരിയാണെന്ന ഒരു തോന്നൽ മാത്രമായിരിക്കും ഉള്ളിലുണ്ടാവുക.



മയക്കമരുന്നുകൾ പലവിധമുണ്ട് പലതിനും അടിമകളായ ഒരുപാട് പേര് നമുക്ക് ചുറ്റുമുണ്ട്. ഇന്ന് കേരളത്തിലും കേരളത്തിന് പുറത്തുമായി ഒരുപാട് മയക്കമരുന്ന് കച്ചവടക്കാരുണ്ട് അവരെല്ലാം നമ്മുടെ സമൂഹത്തെ നശിപ്പിക്കുകയാണ്, ചെറിയ കുട്ടികളിൽ വരെ ഇന്ന് മയക്കമരുന്നിന്റെ അഡിക്ഷൻ കാണിക്കുന്നു മാതാപിതാക്കൾ ശ്രദ്ധിക്കാതെ വളർന്ന് വരുന്ന കുട്ടികളും ഇങ്ങനെയുള്ള ചതിക്കുഴികളിൽ ചെന്ന് ചാടുകയാണ് അതുകൊണ്ട് പരമാവധി കുട്ടികളെ ഇങ്ങനെയുള്ള ചേത ശീലങ്ങളിൽ നിന്ന് മാറ്റി നിർത്താൻ ശ്രമിക്കണം. ഒരിക്കൽ മദ്യപാനം



shutterstock.com · 413804086




• സമൂഹത്തിനെ നാശത്തിലേക്കു നയിക്കുന്ന ലഹരി മരുന്നുകള് ജീവിതത്തിൽ നിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യവുമായി ലോകരാജ്യങ്ങൾ ഇന്ന് ലഹരി വിരുദ്ധ ദിനം ആചരിക്കുകയാണ്. യുവതലമുറയാണ് ഇന്ന് ഏറ്റവും കൂടുതൽ ലഹരി പദാർത്ഥങ്ങൾക്കും മയക്കമരുന്നുകൾക്കും അടിമകളാകുന്നത്. യുവതലമുറ ലഹരി വസ്തുക്കളിലേക്ക് ആകർഷിക്കപ്പെടുന്നത് തടയണമെന്ന് ഐക്യരാഷ്ട്ര സമിതി നിർദേശിക്കുന്നുണ്ട്. ഐക്യരാഷ്ട്ര സംഘടനയാണ് ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത്. ലിസൺ ഫസ്റ്റ് എന്നതാണ് ഇക്കുറിയിലെ മുദ്രാവാക്യം.

കൗമാരക്കാരെ ആകർഷിക്കുന്ന ലഹരി മരുന്നുകൾ മസ്തിഷ്കത്തെയും നാഡീ പ്രവർത്തനത്തെയും ബാധിക്കും. വീണ്ടും വീണ്ടും ഉപയോഗിക്കണമെന്ന പ്രേരണ ഉയർത്തുകയും ചെയ്യും. ദു:ഖങ്ങൾ മറക്കാനും സന്തോഷത്തിനായുമാണ് മയക്ക മരുന്ന് ഉപയോഗിക്കുന്നതെന്നാണ് പല മയക്കു മരുന്ന് അടിമകളും പറയുന്നത്. രാജ്യത്ത് ലഹരിക്കടിമകളായവർ 7.3 കോടിയിലേറെയുണ്ടെന്നാണ് കണക്ക്.

ഹഷീഷ്, കഞ്ചാവ്, ഹെറോയിൻ, കറുപ്പ്, കൊക്കയിൻ തുടങ്ങിയവ അനധികൃത മയക്കമരുന്നുകളാണ്. ഇവ മനുഷ്യന്റെ കൊലയാളികളാണ്. രോഗ ശമനത്തിനായുള്ള ചില മരുന്നുകൾ കൂടുതലായി ഉപയോഗിക്കുന്നതും ശരീരത്തിന് നല്ലതല്ല. മയക്കമരുന്നുകൾ ഉപയോഗിക്കുന്നതു പോലെ പ്രചരിപ്പിക്കുന്നത് വലിയ തെറ്റാണ്. മയക്ക മരുന്ന് പ്രചരിപ്പിക്കുന്നതും വിറ്റഴിക്കുന്നതും ശിക്ഷാർഹമാണ്. പരാമവധി മുപ്പത് വർഷം വരെ കഠിനതടവു ലഭിച്ചേക്കാം.

മയക്ക മരുന്ന് ഉപയോഗം ക്യാമ്പസുകളിലും സ്കൂളുകളിലും വർധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് ഓരോ വർഷവുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വയം നശിക്കുന്ന ഇക്കൂട്ടരെ രക്ഷപെടുത്തുന്നതിൽ നിന്നും വൈദ്യശാസ്ത്രം പോലും പരാജയപ്പെടും. ജീവിതം ലഹരി വിമുക്തമാക്കാൻ ലോകത്താകമാനം ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നു. എന്നാൽ സ്വയം ഇനി ലഹരി പദാർത്ഥം ഒരിക്കലും ഉപയോഗിക്കില്ല എന്ന് ഒരു വ്യക്തി ഉറച്ച തീരുമാനമെടുക്കുന്നതാണ് ഇത്തരം ബോധവത്കരണ പരിപാടികളുടെ പൂർണ വിജയം.

# കവിതകൾ








ജലം - കവിത

കുടിയ്ക്കുവാൻ വേണം ജലം
കുളിയ്ക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമമിന്നു
നാടാകെ രൂക്ഷം
ജനക്ഷേമമതിനാ-
ലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗമരുതതിനാൽ
അരുതരുത്
ജല ദുരുപയോഗമരുത്

ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതേ
ജലമമൂല്യമാണതു
മലിനമാക്കരുത് മാനവാ
അതു മലിനമാക്കരുത് മാനവാ
അതു മലിനമാക്കരുത് മാനവാ




ശരിയേത്?
കൊഞ്ചും തത്തകൾ ചൊല്ലുന്നു
അഞ്ചും അഞ്ചും പത്തെന്ന്
പാറും വണ്ടുകൾ മൂളുന്നു
ആറും നാലും പത്തെന്ന്
താഴമ്പൂക്കൾ ചിരിക്കുന്നു
ഏഴും മൂന്നും പത്തെന്ന്
കാട്ടിൽ മൂങ്ങകൾ മൂളുന്നു
എട്ടും രണ്ടും പത്തെന്ന്
ചെമ്പൻ കരടികൾ ചീറുന്നു
ഒമ്പതുമൊന്നും പത്തെന്ന്
ഏതാ ശരിയിതു അയ്യപ്പാ..?
എല്ലാം ശരിയിതു കുട്ടപ്പാ..
5 + 5
10
6 + 4
7 + 3
9 + 1
8 + 2

# DRUG SONG

Life used to be good
Now look what I've done
I've ruined my temple with drugs
My mind is done

God down in my manhood
Before my time
Left in my darkness
I've lost my mind

I can't even think straight
nobody knows what I say
Even my guitar wonder,
Why I can't play

Nomore smile  I wear on my face
I've gone  the last mile
And I just lost the race

How did i get this way?
It's so unreal
I am no longer a person
I can't even feel

Got down in my manhood
before my time
Left in my darkness
I've lost my mind.

# WHAT IS ALCOHOL?

Alcohol (ethanol or ethyl) is the ingredient found in beer wine and spirits which causes drunkenness.Alcohol is formed when yeast ferments (break down without oxygen) the sugar in different foods; for example wine is made from sugar in grapes,beer from the sugar in malted barley (a type of grain)cider from the sugar in apples and vodka from the sugar in potatoes,beets or other plants.

# "മലയാളം പഴഞ്ചൊല്ലുകൾ

1 അകത്തു രോമം പുറത്തു കത്തി
2 അകത്തെ അഴക് മുഖത്തറിയാം
3 അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്
4 അകലെയുള്ള പത്തിനേക്കാൾ നന്ന്, അടുത്തുള്ള ഒന്ന്
5 അകിട്ടു ചെത്തിയാൽ പാലു കിട്ടുമോ ?
6 അക്കോം കാണാം താളി0 ഒടിക്കാം.
7 അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
8 അച്ച നോക്കിയേ ക്രച്ചു കെട്ടാവു
9 അച്ചാണിയില്ലാതെ തേർ മുച്ചാൺ ഓടുകയില്ല
10 അച്ചി കടിച്ചതേ കൊച്ചു കുടിക്കു
11 അച്ചി തുള്ളിയ കട ക്രുട്ടിയും തുള്ളും
12 അച്ചിക്കു കൊഞ്ചുപക്ഷം, നായർക്ക് ഇഞ്ചി പക്ഷം
13 അച്ചിക്ക് ഇഞ്ചി പക്ഷം ,നായർക്ക് കൊഞ്ച് പക്ഷം
14 അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ
15 അജ്ഞത അനുഗ്രഹമാകുന്നിടത്തു ബുദ്ധിമാൻ മണ്ടനാകും
16 അഞ്ചഞ്ചുപലം ഒന്നഞ്ചുപലം
17 അഞ്ചൽ വിട്ടാൽ നെഞ്ചിൽ കയറും
18 അഞ്ചാമത്തെ പെണ്ണ് ആരവാരത്തോടെ
19 അഞ്ചാമത്തെ പെണ്ണ് കെഞ്ചിയാലും കിട്ടില്ല
20 അഞ്ചാമാണ്ടിൽ തേങ്ങ, പത്താമാണ്ടിൽ പാക്ക്


# ചെറുകഥ-സ്വർഗ്ഗം



പടവുകൾ കയറി വാതിൽ തള്ളിതുറന്നതും പൊടുന്നനെ മാലാഖമാർ പാറിയെത്തി സ്വാഗതഗാനം മൂളി. ഒരിക്കലെങ്കിലും കാണാൻ ആഗ്രഹിച്ച എപിജെ അബ്ദുൾ കലാം സർ സ്വാഗതമരുളി. ചർക്കയിൽ നൂലു നൂറ്റുചിരിച്ചുകൊണ്ടിരുന്ന രാഷ്ട്രപിതാവ് ഗാന്ധിജിയുടെ കാലിൽതൊട്ട് അനുഗ്രഹം വാങ്ങി എഴുന്നേറ്റതും അഗതികളുടെ അമ്മ മദർ തെരേസ കെട്ടിപിടിച്ചു ആലിംഗനം ചെയ്തുകഴിഞ്ഞിരുന്നു. ആഹാ സ്വർഗ്ഗത്തിൽ എത്താൻ കൊതിച്ച എനിക്ക് ദൈവം ഒരുക്കിവച്ച വിരുന്ന് എത്ര മനോഹരമാണ്. സ്വർഗകവാടത്തിലെ ഘടികാരത്തിൽ എട്ടുമണി മുഴങ്ങി. ഉടൻവന്നു അനൗൺസ്മെന്റ് എല്ലാവരും കൾച്ചറൽ പ്രോഗ്രാംസ് നടക്കുന്ന മൈതാനത്തിൽ എത്തിച്ചേരുക. മൈതാനത്തിൽ സ്വർണക്കസേരയിൽ ഒന്നിൽ ഇരുപ്പുറപ്പിച്ചു സൈഡിലേക്കു നോക്കവെ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമിയും എന്നെ നോക്കിച്ചിരിക്കുന്നു. അവരെ വണങ്ങി മനം കുളിർത്തു നിൽക്കവെ സ്റ്റേജിൽ അതാ പ്രേംനസീറിന്റെ അവതരണമെത്തി......

എങ്ങനെ കയറി വന്നു എന്നറിയില്ല പെട്ടന്ന് പുറകിൽ അമ്മയുടെ വിളി.. ടാ എണീക്കെടാ.. മണി എട്ടായി.. പോത്തു പോലെ കിടന്നുറങ്ങാതെ കുളിച്ച് ജോലിക്കുപോകാൻ നോക്കടാ ചെറുക്കാ..





# POSTER


മലയാളം


SAVE WATER
SAVE NATURE


shutterstock


Water is the Heart of world
Save water save life
Save water save future


വീട്ടിലിരിക്കുമ്പോൾ പത്ത്
ഓണപഴഞ്ചൊല്ല്
പഠിച്ചാലോ
അത്തം കറുത്താൽ ഓണം വെളുക്കും
രണ്ടോണം കണ്ടോണം
മുന്നോണം മുക്കിമൂളി
നാലോണം നക്കീം തൊടച്ചും
അഞ്ചോണം പിഞ്ചോണം
ഓണത്തിന് ഉറുമ്പും കരുതും
കാണം വിറ്റും ഓണം ഉണ്ണണം
തിരുവോണത്തിന് ഇല്ലാത്തത്
തീക്കട്ടക്കെന്തിന്?
ഓണത്തേക്കാൾ വലിയ മകമുണ്ടോ?
തിരുവോണം തിരുതകൃതി
ഓണം കേറാമൂല
ഉള്ളതുകൊണ്ട് ഓണം പോലെ
ഉണ്ടെങ്കിൽ ഓണം പോലെ അല്ലെങ്കിൽ
ഏകാദശി
വീടോണം

ചി

ത്ര

ക

ഥ


സൂത്രൻ
ആളെ കാണാനില്ലല്ലോ?
വരുമെന്നേ. വല്യ തിരക്കുള്ള പുള്ളിയല്ലേ!
മരം മുറിക്കാനുണ്ടോ, മരം...?
ഓഹോ, എത്തി.
ആരാ കാണണമെന്നു പറഞ്ഞത്?
??
എടോ... നീയീ ഷേരുവിനൊരു മരം മുറിച്ചു കൊടുക്കണം.
© Balarama

# സ്വാതന്ത്ര്യമില്ലേ?

സ്വാതന്ത്ര്യം എന്നത് കിട്ടി
അതിൽപരം ആനന്ദം -
മൊന്നുമെനിക്കതിലില്ലല്ലോ.

കഴുകന്റെ നോട്ടമാണവനെന്റെ
നെഞ്ചിലേക്ക് ഒഴിയാതെ -
കണ്ണുകൾ ചൂഴ്ന്നിറക്കി...

കെട്ടി പൊതിയുവാൻ കഴിയാഞ്ഞതല്ലിത്.
സൂര്യന്റെ ചിതയിൽ ഉരുകുന്ന പോലെയാണവൻ

എന്റെ മാറും നോക്കി നിന്നേ...
ഒന്നല്ല രണ്ടല്ല വഴിയോരമാകെ
കണ്ണുകൾ അവൾക്കായ് കാത്തിരുന്നു.

കൈ കൊണ്ട് മാറ് മറച്ച് -
നടന്നൊരാ കാലത്തും കണ്ണുകൾ
അവൾക്ക് നേരെ തന്നെ.

കാമാഗ്നി കൊണ്ടെന്നെ ചിതയി-
ലെരിക്കുമ്പോളും കണ്ണുകൾ
നനയാതിരുന്നതെന്തേ...

എന്റെ കണ്ണുകൾ നനയാതിരുന്നതെന്തേ...
പകൽ നേരം ചാരുകസാരയിൽ പോലും
സ്വാതന്ത്ര്യം എന്നിത് കിട്ടിയില്ല..

അവൾ മുഖം താഴ്ത്തി അറിയാതെ
തേങ്ങി കരഞ്ഞു പോയി.

ബസിലെ സഞ്ചാരം ഇഷ്ടമാണ -
തിലും അവൻ കാമകണ്ണുമായ്
നോക്കി നിന്നു ...

സൂര്യന്റെ ഉദയത്തിൻ ആദ്യഘട്ടം
മുതൽ ഞാൻ ക്ഷീണിതയായ് -
മാറിയതെങ്ങനെ .

ദേഹമാസകലം നൊമ്പരം തന്നെയാ..
സൂര്യന്റെ അസ്തമയം കാണാതെ -
വന്നതന്നറിയാതെ ഞാൻ ഒന്നു

മയങ്ങി പോയി...

ദേഹം അറിയാതെ വീണ്ടും നിശ്ചലമായ് .

ചെ
റു
ക
വി
ത
ക
ൾ

## കാർമേഘം

...................


മനം പോലെ മാനവും
ഇരുളുന്നു വീണ്ടും..
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും.. !!
ഘനമേറെയാണുതാനും..
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും-
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ.

ചെ
റു
ക
വി
ത
ക
ൾ


## സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം –
ഇന്നുമൊരു പൊൻത്തൂവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ;
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.


# QUOTES


നിങ്ങളുടെ പിന്നിൽ നിന്ന്
കൊണ്ട് നിങ്ങളെക്കുറിച്ച്
കുറ്റം പറയുന്നവരെ
ശ്രദ്ധിക്കേണ്ട....
അവരെ വിട്ടേക്കുക, കാരണം
ശരിക്കും പറഞ്ഞാൽ
അവർ നിങ്ങളേക്കാൾ
രണ്ടടി പിറകിലാണ്....
അത് കൊണ്ടാണ് അവർക്ക്
നിങ്ങളുടെ പിന്നിൽ നിന്ന്
കൊണ്ട് കുറ്റം പറയേണ്ടി
വരുന്നത്
എ പി ജെ അബ്ദുൾകലാം
Inspirational Quotes Malayalam


എപ്പോഴും സന്തോഷമായി ഇരിക്കാൻ
നമ്മൾ എന്ത് ചെയ്യണം ??
ഒന്നെങ്കിൽ നമ്മൾക്ക്
ഭ്രാന്ത് പിടിക്കണം
അല്ലേൽ മരിച്ചു പോണം..!


മറ്റുള്ളവർ നിങ്ങളെക്കുറിച്ച്
എന്താണ് ചിന്തിക്കുന്നത്
mohdaslam003
എന്നത് പ്രധാനമല്ല.
നിങ്ങളെക്കുറിച്ച് നിങ്ങൾ
ചിന്തിക്കുന്നത് എല്ലാം
അർത്ഥമാക്കുന്നു.


പറക്കാൻ
ചിറകുകൾ
വേണമെന്നില്ല
ഉള്ളിൽ
ഒരു ആകാശം
ഉണ്ടായാലും മതി


എഴുന്നേറ്റു
നിൽക്കാനുള്ള
നിഴലിന്റെ
ആഗ്രഹമാണ്
മരങ്ങൾ..!

# കുട്ടികളും കാർട്ടൂണുകളും

കുട്ടിക്കാലത്തെ നമ്മുടെ ഏറ്റവും നല്ല കൂട്ടുകാരായിരുന്നു കാർട്ടൂൺ കഥാപാത്രങ്ങൾ. നാം അവരെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. ഇഷ്ടമുള്ള കാർട്ടൂൺ പരിപാടികൾ കാണാൻ എത്ര സമയം കാത്തിരിക്കാനും നാം തയ്യാറായിരുന്നു. അവ നമുക്കു നൽകിയിരുന്ന സന്തോഷം പറഞ്ഞറിയിക്കാൻ വയ്യാത്തതായിരുന്നു. മിക്കി മൗസ്, ഡൊണാൾഡ് ഡക്ക്, ടോം ആന്റ് ജെറി തുടങ്ങിയ അനേകം കഥാപാത്രങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും ഒഴിച്ചു നിർത്താൻ കഴിയാത്തവ ആയിരുന്നു.

കുട്ടിക്കാലത്ത് ഈ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും പ്രവർത്തികളും നിറഞ്ഞ ഒരു സാങ്കൽപിക ലോകം നാം പണിതുയർത്തിയിരുന്നു. കാർട്ടൂണുകൾ കുട്ടികളെ രസിപ്പിക്കുക മാത്രമല്ല അവരുടെ ഭാവനകളെ ഉണർത്തുകയും അവരെക്കൊണ്ട് നൃത്തം ചെയ്യിക്കുകയും ചെയ്യുന്നു. ചെറിയ പ്രായത്തിൽ കുട്ടികൾ വലിയ കഥകൾ കേൾക്കാൻ ക്ഷമ കാണിക്കാറില്ല. എന്നാൽ കാർട്ടൂൺ കാണാൻ അവർക്കു താൽപര്യമാണ്. കാർട്ടൂൺ അവരുടെ ഭാവനയെ ഉണർത്തുക മാത്രമല്ലപുതിയ ഭാഷകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. കാർട്ടൂൺ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ പലപ്പോഴും കുട്ടികൾ ഹൃദിസ്ഥമാക്കിയിരിക്കും. ഉദാഹരണത്തിന് 'ഐ ആം ദി കിങ് ഓഫ് ഫോറസ്റ്റ്, ടാർസൻ'. 'ബൈ ദി പവർ ഓഫ് ഗ്രേസ്കൾ, ഐ ഹാവ് പവർ' തുടങ്ങിയ സംഭാഷണഭാഗങ്ങൾ കുട്ടികൾ പറഞ്ഞു നടക്കുന്നത് നാം ശ്രദ്ധിച്ചിരിക്കുമല്ലോ.



കാർട്ടൂണുകൾ നേരമ്പോക്കു മാത്രമല്ല. ചില മൂല്യവത്തായ പാഠങ്ങൾ അവ കുട്ടികൾക്ക് പകർന്നു നൽകാറുണ്ട്. ഉദാഹരണത്തിന് പെപ്പ പിഗ് കുട്ടികൾക്ക് സൗഹൃദങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും വ്യത്യസ്ത വ്യക്തിത്വങ്ങളെ എങ്ങനെ ഉൾക്കൊള്ളണം എന്നതിനെക്കുറിച്ചുംഅറിവു നൽകുന്നു. കൂടാതെ പ്രകൃതിയുമായി ഇണങ്ങിച്ചേരാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. 'സ്ട്രോബെറി ഷോർട്ട്കേക്കും' ലൈറ്റിൽ പോണിയും' സൗഹൃദങ്ങളുടെ പ്രാധാന്യത്തെകുറിച്ച്പറയുന്നു. വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിക്കപ്പെട്ട ചില കാർട്ടൂൺ കഥാപാത്രങ്ങൾജീവിതത്തിൽ നാം സത്യസന്ധരായിരിക്കണമെന്ന സന്ദേശം കുട്ടികൾക്ക് നൽകുന്നു.

ആൺകുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട കാർട്ടൂൺ സിനിമകളാണ് പിക്സാർ കാർ ഫിലിം സീരീസ്. ദീർഘകാല സൗഹൃദങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഇവ കുട്ടികളെ ബോധവാന്മാരാക്കുന്നുണ്ട്. കുങ് ഫു പാണ്ഡ എന്ന കഥാപാത്രം വിജയത്തിലേക്ക് എളുപ്പവഴികളൊന്നും ഇല്ല എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നുണ്ട്. സമൂഹത്തിൽ കാലാകാലങ്ങളായിട്ടുള്ള മാറ്റങ്ങൾ കാർട്ടൂണുകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ചില കാർട്ടൂണുകൾ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നവയാണ്. മുതിർന്നവർക്കും കുട്ടികൾക്കും ഒരു പോലെ ആസ്വദിക്കാൻ കഴിയുന്ന കാർട്ടൂണുകൾ ഇന്ന് ആഗോളതലത്തിൽ പ്രചാരത്തിലുണ്ട്. കാർട്ടൂണിന്റെ വിശാലമായ ലോകം നമുക്കു തുറന്നു തന്ന വാൾട്ട് ഡിസ്നി, ബ്ലാക്ടൺ പോലുള്ള ആളുകൾക്ക് നന്ദി. അവരുടെ സംഭാവനകൾ നമ്മുടെ ലോകം സുന്ദരമാക്കി. മിക്കി മൗസ്, ബഗ്സ് ബണ്ണി,ഡൊണാൾഡ് ഡക്ക്, ഇവരൊന്നുമില്ലാത്ത ലോകത്തെ കുറിച്ച് ആലോചിക്കാനൊക്കുമോ? എന്തൊരു വിരസമായ ചിന്തയാണത്. നമുക്കു പരിചിതമെങ്കിലും അല്ലെങ്കിലും കാർട്ടൂണുകൾ അവിടെയുണ്ട്. അവ നമ്മെ പഠിപ്പിക്കുകയും നയിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

ചെറുകഥ

# -പരസ്പര സ്നേഹം

ഒരു മനുഷ്യനെ **സ്നേഹിക്കുക** എന്നതിന് അയാളെ മനസ്സിലാക്കുക എന്നൊരു അർത്ഥം കൂടി ഉണ്ട്.



ഒരിടത്ത് ഒരു വലിയ വീട്ടിൽ ടോറ എന്നൊരു കൊച്ചുകുട്ടി ഉണ്ടായിരുന്നു. ചെറുപ്പം മുതലേ വലിയ സമ്പന്നതയിൽ ആണ് അവൾ ജീവിച്ചിരുന്നത്. പാവപ്പെട്ടവരുടെ സങ്കടങ്ങളോ പ്രയാസങ്ങളോ ഒന്നും അവൾക്കറിയില്ല. ഒരുപാട് നല്ല വസ്ത്രങ്ങൾ ,നല്ല ഭക്ഷണം .സുഖസൗകര്യങ്ങൾ എല്ലാം അവളെ അഹങ്കാരിയാക്കി മാറ്റി. അങ്ങനെ അവളുടെ ജന്മദിനം വന്നു. ഇത്തവണ അവൾ തന്റെ ജന്മദിനംഒരു അനാഥാലയത്തിൽ ആഘോഷിക്കാൻ തീരുമാനിച്ചു. അവിടെയും തന്നെ എല്ലാവരും അസൂയയോടെ നോക്കുന്നത് അവൾ മനസ്സിൽ കണ്ട് സന്തോഷിച്ചു.


തന്റെ അച്ഛൻ കൊടുത്ത രുചിയേറിയ ഭക്ഷണം അവർ കൊതിയോടെ കഴിക്കുന്നത് അവൾ ഗമയോടെ നോക്കി നിന്നു. അടുത്ത ദിവസം അവൾ പതിവ് പോലെ സ്കൂളിൽ ചെന്നപ്പോൾ അവൾക്ക് പ്രിയപ്പെട്ട അധ്യാപികയോട് അവൾ ഇക്കാര്യങ്ങളെല്ലാം പറഞ്ഞു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അധ്യാപിക അവളോട് ചോദിച്ചു. 'നീ അൽപനേരമെങ്കിലും അവരോട് സംസാരിക്കുകയോ കൂടെയിരിക്കുകയോ ചെയ്തോ?' 'ഓ, അതിന്റെയൊന്നും ആവശ്യമില്ല'. അവൾ പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു 'മോളെ അങ്ങനെയല്ല. നമ്മൾ മറ്റുള്ളവർക്കൊന്നും കൊടുത്തില്ലെങ്കിലും സാരമില്ല. പക്ഷെ സ്നേഹിക്കാതിരിക്കരുത്. സ്നേഹമാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. പരസ്പരം സ്നേഹിക്കുക. ടോറക്കു തന്റെ തെറ്റ് മനസ്സിലായി. അന്നുമുതൽ അവൾ പുതിയ ഒരാളായി മാറി.

# ചെറുകവിതകൾ



## അസ്തിത്വദു:ഖം

അടിച്ചെന്നെ വേദനിപ്പിച്ചോളൂ നിങ്ങൾ...
വേദനിക്കില്ല ഞാൻ
ക്രൂരമായ വാക്കുകൾ കൊണ്ടെന്നെ
മുറിവേൽപ്പിച്ചാൽ വേദനിക്കും ഞാൻ
തെറ്റെന്തു ചെയ്തു ഞാൻ ചൊല്ലൂ നീ..
തെറ്റെന്തു ചെയ്തു ഞാൻ.
ഞാനൊരു പാവം പൈതലല്ലേ.
ഹൃദയം പൊടിഞ്ഞതിൻ വേദന
ഒരു കണ്ണീർപ്പുഴയായ് ഒഴുകുന്നു...
തകരുന്നു ഞാൻ.
മരിക്കുന്നു ഞാൻ...
അസ്തിത്വദു:ഖത്താൽ ഇല്ലാതാകുന്നൂ
ഞാൻ. . . ..



## വേനൽക്കാലം


ഇല കൊഴിഞ്ഞ വേനൽക്കാലം
വരണ്ടുണങ്ങിയ ഭൂമീദേവി.
ഒരിറ്റു ദാഹജലത്തിനായി-
കാത്തുനിൽക്കുന്ന നെൽപ്പാടങ്ങൾ.
കുത്തിയൊഴുകാനാകാതെ
ഇഴഞ്ഞു നീങ്ങുന്നപുഴകൾ.
നീന്തിത്തുടിക്കുവാൻ മറ്റിടങ്ങൾ -
തേടിപ്പോകുന്ന ചെറുമീനുകൾ.
കൂടെ വരട്ടെ എന്നു ചോദിക്കുന്ന
ചെറുതവളകൾ.
തിരികെ വരാം എന്ന വാക്കു-
മായി പറന്നു പോയ കൊക്കുകൾ.
എല്ലാവരാലും ഒറ്റപ്പെട്ടു പോയ-
പുഴയോരത്തെ ഇലകൊഴിഞ്ഞ മരം.
ഒന്നു കാതോർത്താൽ കേൾക്കാം
ദൂരെ കാർമേഘത്തിന്റെ ഇരമ്പലുകൾ.
വരാൻ പോകുന്ന മഴയെ വിളി-
ച്ചോതുന്ന പോലെ.........
വരും...........മഴ വരും...........
പൊള്ളുന്ന വേനലിനെ തണുപ്പിക്കാൻ
വരും........... മഴ വരും...................

## വാതസല്യം



ആരംഭം കുറിച്ചതെപ്പോഴെന്നറിയില്ലയെന
ഹൃദയത്തിൽ മാതൃസ്നേഹം.
ജീവന്റെ തുടിപ്പിന് സംരക്ഷണം
നൽകുവാനാകാതെ പകച്ചുനിൽക്കുമറി-
വില്ലാ പൈതൽ പോൽ.
ഒടുവിലാ സംരക്ഷണത്തിനവസരം
വന്നതെന്നിൽനിന്നും പറിച്ചെടുത്തൂ.
ദൈവമേയെൻ ജീവന്റെ തുടിപ്പ്.
സഹിക്കുവാൻ കഴിയാത്തൊരമ്മതൻ
മനസ്സ് കണ്ണീർപൊഴിച്ച് വിലപി-
ച്ചൊരുനോക്ക് കാണുവാൻ....
കുഞ്ഞിക്കണ്ണുകളടച്ചു നീളമുള്ള കൈ-
വിരലുകളിൽ കണ്ണുകളോടിക്കവേ-
യെൻ ശൂന്യമായ ഹൃദയം
സ്തംഭിച്ചതെന്തേയിപ്പോൾ.
ഒന്നു തലോടുവാനാവാതെ കോരി-
യെടുത്താ നെറുകയിലൊന്നു മുത്താതെ
നിശ്ചലമായതെന്തേ....?
നീറിടുന്നിന്നുമെൻ ഹൃദയമ-

# ഉപസംഹാരം


"അക്ഷരങ്ങളിലൂടെ വിരിയുന്ന പ്രകാശം
ഓരോ പിഞ്ച് ഹൃദയത്തിലും
നന്മയുടെയും
സ്നേഹത്തിന്റെയും വിത്ത്
പാകട്ടേ"

